OK

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

KERALA BANK
Kerala State Co-operative Bank

No. KSCB/HR/ 1460 /2026-27 21.04.2026

## Registered with A/D

**കാരണം കാണിക്കൽ നോട്ടീസ്**

ശ്രീ.രാധാകൃഷ്ണൻ.എം
കൊള്ളറോത്ത് ഹൗസ്
ആരാമം നിട്ടംബ്രം
ചൊക്ലി.പി.ഒ
കണ്ണൂർ - 670672

സർ,

വിഷയം:- ഗാർഹികാന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 13.03.2026-ൽ ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട്.

2. 17.04.2026-ൽ നടന്ന ബാങ്ക് അച്ചടക്ക സമിതി യോഗത്തിലെ 13 നമ്പർ തീരുമാനം.

ശ്രീ.രാധാകൃഷ്ണൻ.എം, എന്ന താങ്കൾ ഓഫീസ് അറ്റൻഡൻറ് തസ്തികയിൽ ബാങ്കിന്റെ തലശ്ശേരി ശാഖയിൽ ജോലി ചെയ്തു വരവെ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിലൂടെ ഗുരുതരമായ അച്ചടക്ക ലംഘനം നടത്തിയെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതിനെ തുടർന്ന് 21.08.2025 -ൽ താങ്കൾക്ക് നൽകിയ KSCB/HO/HR/4679/2025 -26 നമ്പർ കുറ്റാരോപണ മെമ്മോയിൽ താങ്കൾക്കെതിരെ ഉന്നയിച്ചതായ കുറ്റാരോപണങ്ങളിന്മേൽ താങ്കൾ നിശ്ചിത സമയ പരിധിക്കുള്ളിൽ വിശദീകരണം സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തിയതിനാൽ താങ്കൾക്ക് ആയതിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ 30.01.2026 -ൽ നടന്ന ബാങ്ക് അച്ചടക്ക സമിതി യോഗത്തിലെ 14 നമ്പർ തീരുമാന പ്രകാരം ഒരു എൻക്വയറി ഓഫീസറെ നിയമിച്ച് ഗാർഹിക അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതു പ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ നീതിയുക്തമായും, നിയമാനുസൃതമായും, നിഷ്പക്ഷമായും അന്വേഷണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിചാരണയിൽ താങ്കളുടെ ഭാഗം വിശദമാക്കുന്നതിനും, താങ്കൾക്കെതിരെ ഹാജരാക്കിയിട്ടുള്ള തെളിവുകൾ ഖണ്ഡിക്കുന്നതിനും മതിയായ അവസരം താങ്കൾക്ക് അനുവദിച്ചിരുന്നു. എന്നാൽ പ്രസ്തുത ഗാർഹിക അന്വേഷണത്തിൽ താങ്കൾ

[redacted]

KERALA BANK
Kerala State Co-operative Bank

# THE KERALA STATE CO-OPERATIVE BANK LTD.

(A Scheduled Bank)

പങ്കെടുക്കാത്തതിനെ തുടർന്ന് എക്സ്പാർട്ടിയായി പ്രഖ്യാപിച്ചാണ് അന്വേഷണം പൂർത്തീകരിച്ചത്. തുടർന്ന് ഗാർഹികാന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ താങ്കൾക്കെതിരെ കുറ്റാരോപണ മെമ്മോയിൽ ഉന്നയിച്ചിട്ടുള്ളതായ എല്ലാ ആരോപണങ്ങളും, തെളിയിക്കപ്പെട്ടതായി പ്രസ്താവിച്ചിട്ടുണ്ട്. എൻക്വയറി റിപ്പോർട്ടും അനുബന്ധ രേഖകളും സൂക്ഷ്മമായി പരിശോധിച്ചതിൽ നിന്നും എൻക്വയറി ഓഫീസർ നൽകിയ റിപ്പോർട്ട് നിരാകരിക്കേണ്ട സാഹചര്യമില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ആകയാൽ സൂചന (2) പ്രകാരം ബാങ്ക് അച്ചടക്ക സമിതി എൻക്വയറി ഓഫീസറുടെ റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്.

ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്ക് മേൽ വിഷയവുമായി ബന്ധപ്പെട്ട് കൂടുതൽ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപറ്റി 10 ദിവസത്തിനകം രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഇത് സംബന്ധിച്ച് യാതൊരു വിശദീകരണവും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വാസപൂർവ്വം,

ചെയർമാൻ,
അച്ചടക്ക ഉപസമിതി

Kerala State Co-operative Bank
Head Office
Thiruvananthapuram

ഉള്ളടക്കം:-

ഗാർഹിക അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ്.

# ഗാർഹിക അന്വേഷണ റിപ്പോർട്ട്

അഡ്വ: പ്രമോദ്.കെ
ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥൻ.

ബഹു: ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ

Present: അഡ്വ: പ്രമോദ്.കെ

കേരള സംസ്ഥാന സഹകരണ ബാങ്ക് - മാനേജ്മെന്റ്

Vs

രാധാകൃഷ്ണൻ എം - കുറ്റാരോപിതൻ

മേൽ പേരു കാണിച്ച കുറ്റാരോപിതന് മാനേജ്മെന്റ് 21.08.2025 തീയ്യതി നൽകിയ കുറ്റപത്രത്തിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളെ സംബന്ധിച്ച് ഒരു ഗാർഹിക അന്വേഷണം നടത്തുവാൻ എന്നെ നിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആരോപണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു.

ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥനായി എന്നെ ചുമതലപ്പെടുത്തിയ വിവരവും അന്വേഷണം ആരംഭിക്കുന്ന സ്ഥലം, തീയ്യതി എന്നിവ അറിയിച്ചു കൊണ്ട് മാനേജ്മെന്റിനും, കുറ്റാരോപിതനും 13.2.2026 തീയ്യതി speed post with A/D ആയി നോട്ടീസുകൾ അയച്ചിരുന്നു. ആയത് മാനേജ്മെന്റ് കൈപ്പറ്റിയിരുന്നു. എന്നാൽ കുറ്റാരോപിതന് അയച്ച നോട്ടീസ് പോസ്റ്റൽ അധികാരികൾ മറ്റൊരു വിലാസത്തിലേക്ക് 'Redirect' ചെയതുവെങ്കിലും 'Addressee left' എന്ന endorsement സഹിതം മടങ്ങി വരികയാണ് ഉണ്ടായത്. തുടർന്ന് ഗാർഹിക അന്വേഷണം തുടങ്ങി മാനേജ്മെന്റ് ഹാജരായെങ്കിലും കുറ്റാരോപിതന് ഗാർഹിക അന്വേഷണത്തെ സംബന്ധിച്ച് അയച്ച നോട്ടീസ് മടങ്ങി വന്നതിനാൽ കുറ്റാരോപിതന് വീണ്ടും ഒരു നോട്ടീസ് അയക്കുവാൻ തീരുമാനിച്ച് കൊണ്ട് ഗാർഹിക അന്വേഷണം 7.03.2026 തീയ്യതിയിലേക്ക് മാറ്റിവെച്ചു. മേൽ തീരുമാന പ്രകാരം ഗാർഹിക അന്വേഷണം നടത്തുന്ന സ്ഥലം, തീയ്യതി, സമയം എന്നിവ അറിയിച്ചു കൊണ്ട് കുറ്റാരോപിതന് 25.02.2026 തീയ്യതി വീണ്ടും speed post with A/D ആയി നോട്ടീസ് അയക്കുകയുണ്ടായി. എന്നാൽ പ്രസ്തുത നോട്ടീസും 'Addressee left' എന്ന endorsement സഹിതം മടങ്ങി വരികയാണ് ഉണ്ടായത്. ആയതിൽ നിന്നും കുറ്റാരോപിതന് അയച്ച നോട്ടീസ് അദ്ദേഹത്തിന്റെ മേൽ വിലാസമായിരുന്നുവെന്നും ടിയാൻ വിലാസം മാറുന്നത് പോസ്റ്റ് ഓഫീസിൽ അറിയിക്കുകയോ, തപാലുകൾ സ്വീകരിക്കുന്നതിനായി നടപടികൾ ഒന്നും സ്വമേധയാ ചെയ്തിട്ടില്ല എന്നു മനസ്സിലായി. മേൽ വിലാസം മാറുന്നുണ്ടെങ്കിൽ ആയത് പോസ്റ്റ് ഓഫീസിൽ അറിയിക്കേണ്ടത് വിലാസക്കാരന്റെ ബാധ്യതയും ഉത്തരവാദിത്വവുമാണ്. കുറ്റാരോപിതന്റെ മറ്റ് മേൽ വിലാസം ഒന്നും തന്നെ മാനേജ്മെന്റ് കൈവശം ഉണ്ടായിരുന്നില്ല എന്ന് അന്വേഷിച്ചതിൽ അവർ അറിയിക്കുകയുണ്ടായി. തുടർന്ന് കുറ്റാരോപിതൻ ഗാർഹിക അന്വേഷണത്തിന് ഹാജരാകാത്തതിനാൽ അദ്ദേഹത്തെ പേര് വിളിച്ച് എക്സ്പാർട്ടിയായി പ്രഖ്യാപിക്കുകയും ഗാർഹിക അന്വേഷണം തുടർന്ന്

നടത്തുകയും ചെയ്തു. മാനേജ്മെന്റിനു വേണ്ടി ഹാജരായ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനായ ശ്രീ സുരേഷ് ബാബു എന്നവർ ബോധിപ്പിച്ച സത്യവാങ്മൂല പ്രകാരം അദ്ദേഹത്തെ MW1 ആയി വിസ്തരിക്കുകയും മാനേജ്മെന്റ് ഹാജരാക്കിയ രേഖകൾ ExM1 മുതൽ ExM13 വരെ മാനേജ്മെന്റ് ഭാഗം തെളിവിലേക്കായി മാർക്ക് ചെയ്യുകയും ചെയ്തു. മാനേജ്മെന്റ് ഭാഗം സാക്ഷിപ്പട്ടികയിൽ വിവരിച്ച അനൂപ് സി എന്നവരെ MW2 ആയി വിസ്തരിക്കുകയും ചെയ്തു. തുടർന്ന് മാനേജ്മെന്റ് ഭാഗം വാദം കേൾക്കുകയും ചെയ്തു.

<u>റിപ്പോർട്ട്</u>

കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്ക് കണ്ണൂർ റീജിയൺ പരിധിയിൽ തലശ്ശേരി ശാഖയിൽ ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ രാധാകൃഷ്ണൻ എം. (കുറ്റാരോപിതൻ) എന്നവർക്ക് നൽകിയ കുറ്റപത്രത്തിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ താഴെ പറയും പ്രകാരമാണ്.

1. 22.06.2024 മുതൽ നാളിതു വരെ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെ തുടരുന്ന താങ്കളുടെ പ്രവർത്തി ബാങ്ക് സ്റ്റാഫ് റെഗുലേഷന്റെ ഗുരുതരമായ ലംഘനമാണ്.

2. മുൻകൂർ അനുമതി വാങ്ങാതെ അനധികൃതമായും, മനഃപൂർവ്വവും ജോലിയ്ക്ക് ഹാജരാകാതെയിരിക്കുന്നത് ബാങ്ക് സ്റ്റാഫ് റെഗുലേഷൻ clause 7, 44 (d) 44 (f) എന്നിവയുടെ ലംഘനവും Clause 55 (1) (f) (g) എന്നിവ പ്രകാരം ഗുരുതരമായ അച്ചടക്ക ലംഘനവുമാകുന്നു.

ഗാർഹിക അന്വേഷണ വിവരങ്ങൾ അറിയിച്ച് കൊണ്ട് കുറ്റാരോപിതന് 13.02.2026 തീയ്യതിയും, 7.03.2026 തീയ്യതിയും നോട്ടീസുകൾ അയച്ചിരുന്നു. മേൽ രണ്ട് നോട്ടീസുകളും 'Addressee left' എന്ന കാരണത്താൽ മടങ്ങിവരികയാണുണ്ടായത്. ആയതിൽ നിന്നും കുറ്റാരോപിതന്റെ മേൽ വിലാസത്തിലാണ് നോട്ടീസ് അയച്ചതെന്നും, ടിയാൻ മേൽ വിലാസം മാറുന്ന വിവരം മനഃപൂർവ്വം പോസ്റ്റൽ അധികാരികളെ അറിയിച്ചില്ലയെന്നും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും, ഗാർഹിക അന്വേഷണത്തിനായി നിശ്ചയിച്ച തീയ്യതികളിൽ കുറ്റാരോപിതൻ ഹാജരാകാത്തതിനാലും കുറ്റാരോപിതനെ exparte ആയി പ്രഖ്യാപിച്ചിരുന്നു. തുടർന്ന് മാനേജ്മെന്റിനു വേണ്ടി ഹാജരാകുന്നതിന് അധികരപ്പെടുത്തിയ ഉദ്യോഗസ്ഥനായ ശ്രീ.സുരേഷ് ബാബു എന്നവരെ മാനേജ്മെന്റ് ഭാഗം സാക്ഷിയായി (MW1) ആയി വിസ്തരിക്കുകയും ExM1 മുതൽ ExM13 വരെ രേഖകൾ തെളിവിലേക്ക് മാർക്ക് ചെയ്യുകയും ചെയ്തു. കൂടാതെ മാനേജ്മെന്റിന്റെ തലശ്ശേരി ബ്രാഞ്ചിലെ ഇപ്പോഴത്തെ അസിസ്റ്റന്റ് മാനേജർ ശ്രീ അനൂപ്.സി എന്നവരെ മാനേജ്മെന്റ് ഭാഗം സാക്ഷിയായി (MW2) ആയി വിസ്തരിക്കുകയും ചെയ്തു.

മാനേജ്മെന്റ് ഭാഗം സാക്ഷികളായ MW1, MW2 എന്നിവരുടെ മൊഴി പരിശോധിക്കുമ്പോൾ ആയത് കുറ്റപത്രത്തിലെ ആരോപണങ്ങൾക്ക് അനുസൃതമാണ് എന്ന് കാണാവുന്നതാണ്. ExM9 കുറ്റപത്രത്തിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ സാധുകരിക്കുന്ന രേഖകളാണ്, മാനേജ്മെന്റ് അറ്റന്റൻസ് രജിസ്റ്റർ (ExM6) ആയതിനെ സാധുകരിക്കുന്നതാണ് ExM2 ആയി മാർക്ക് ചെയ്ത കണ്ണൂർ റീജിയണൽ ഓഫീസിലെ റിപ്പോർട്ടും, തലശ്ശേരി ബ്രാഞ്ചിന്റെ റിപ്പോർട്ടും (ExM4). കുറ്റാരോപിതൻ അനധികൃതമായി ലീവിനുള്ള അപേക്ഷ നൽകാതെ അവധി എടുത്തുവെന്ന് കാണിക്കുന്ന റിപ്പോർട്ടാണ് ExM5 ആയി മാർക്ക് ചെയ്തത്. ExM9 ചാർജ് മെമ്മോയ്ക്ക ശേഷം, കുറ്റാരോപിതന് മാനേജ്മെന്റ് നോട്ടീസ് അയച്ചിരുന്നു. ആയത് ExM10 പ്രകാരം 'Unclaimed' എന്ന കാരണത്താൽ മടങ്ങുകയാണുണ്ടായത്. തുടർന്ന് കുറ്റാരോപണ മെമ്മോ 16.10.2025 തീയ്യതിയിലെ ദേശാഭിമാനിപത്രത്തിൽ (ExM11) പരസ്യം ചെയ്തതായി മനസ്സിലാക്കുന്നു. കുറ്റാരോപിതനെതിരെ അച്ചടക്ക നടപടികയുടെ ഭാഗമായി ഗാർഹിക അന്വേഷണം നടത്താൻ മാനേജ്മെന്റ് കമ്മറ്റി തീരുമാനം (Resolution No.14) ഉണ്ടായിരുന്നു ആ രേഖയാണ് ExM12 ആയി മാർക്ക് ചെയ്തിരിക്കുന്നത്.

കുറ്റാരോപിതൻ 22.06.2024 മുതൽ 30.06.2024 വരെ 9 ദിവസത്തെ അർദ്ധ വേതന അവധിയുടെയും 1.07.2024 മുതൽ 31.08.2024 വരെ 62 ദിവസത്തെ ശൂന്യ വേതന അവധിയുടെയും അപേക്ഷ തലശ്ശേരി ശാഖ മുഖാന്തിരം റീജിയണൽ ഓഫീസിൽ ലഭ്യമാക്കിയിരുന്നവെന്ന കാര്യം MW1 ന്റെ മൊഴി പ്രകാരവും ExM2 പ്രകാരവും ബോധ്യമാകുന്നുണ്ട്. ആയത് റീജിയണൽ ഓഫീസിൽ നിന്നും ഹെഡ് ഓഫീസിലേക്ക് അയക്കുകയും ആയതു പ്രകാരം കുറ്റാരോപിതനോട് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ഹെഡ് ഓഫീസിൽ നിന്നും റീജിയണൽ ഓഫീസിലേക്ക് ExM3 ഇ മെയിൽ പ്രകാരം അറിയിച്ചിരുന്നു. എന്നാൽ ശാഖാ മാനേജർക്ക് കുറ്റാരോപിതനെ ബന്ധപ്പെടാൻ കഴിഞ്ഞിട്ടില്ല എന്ന് ExM4 റിപ്പോർട്ട് പ്രകാരം മനസ്സിലാക്കുന്നുണ്ട്. അവധി അപേക്ഷ നൽകിയതിനു ശേഷവും 1.09.2024 മുതൽ കുറ്റാരോപിതൻ മാനേജ്മെന്റിന്റെ തലശ്ശേരി ശാഖയിൽ നാളിതു വരെയായി ജോലിക്ക് ഹാജരായിട്ടില്ല എന്ന് MW1, MW2 മൊഴി നൽകിയിട്ടുണ്ട്. ശാഖയുടെ 31.12.2024 വരെയുള്ള അറ്റന്റെസ് രജിസ്റ്ററിൽ നിന്നും (ExM6) കുറ്റാരോപിതൻ 2024 മാർച്ച് മാസം 25 ാം തീയ്യതിക്കു ശേഷം 31.12.2024 വരെ ജോലിക്ക് ഹാജരായിട്ടില്ല എന്ന് ബോധ്യമാകുന്നു. ആയതിൽ നിന്നും കുറ്റാരോപിതൻ അവധി അപേക്ഷ നൽകാതെ അനധികൃതമായി ഹാജരാകാതിരുന്നതാണ് എന്ന് വ്യക്തമാകുന്നു.

മേൽ രേഖകളും സാക്ഷിമൊഴികളും പരിശോധിച്ചതിൽ ExM9 കുറ്റപത്രത്തിൽ ഉന്നയിച്ചതായ ആരോപണങ്ങളിൽ കുറ്റാരോപിതൻ കുറ്റക്കാരനാണ് എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു.

Donthel

മാനേജ്മെന്റ് 21.08.2025 തീയ്യതി നൽകിയ ExM9 കുറ്റപത്രത്തിലെ 2 ആരോപണങ്ങളും തെളിയിക്കുവാൻ സാക്ഷി വിസ്താരത്തിലൂടെയും രേഖകളുടെയും അടിസ്ഥാനത്തിൽ മാനേജ്മെന്റിന് സാധിച്ചിട്ടുണ്ടെന്നതിനാൽ കുറ്റപത്രത്തിലെ ആരോപണങ്ങൾ കുറ്റാരോപിതൻ ചെയ്തിട്ടുണ്ടെന്നും ബോധ്യമാകുന്നു. ആയത് കൊണ്ട് കുറ്റപത്രത്തിലെ ആരോപണങ്ങൾ സംബന്ധിച്ച് കുറ്റാരോപിതൻ കുറ്റക്കാരനാണ്.

അഡ്വ:പ്രമോദ്.കെ

ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥൻ

<u>മാനേജ്മെന്റ് ഭാഗം വിസ്തരിച്ച സാക്ഷികൾ</u>

MW1: സുരേഷ് ബാബു.കെ

MW2: അനുപ് സി

<u>കുറ്റാരോപിതൻ ഭാഗം വിസ്തരിച്ച സാക്ഷികൾ</u>

Nil

<u>മാനേജ്മെന്റ് ഭാഗം രേഖകൾ</u>

1. ExM1- 20.06.2024,1.07.2024 തീയ്യതി വെച്ച് കുറ്റാരോപിതൻ നൽകിയ അവധിക്കുള്ള അപേക്ഷകൾ
2. ExM2-9.08.2024 തീയ്യതി കണ്ണൂർ റീജിയണൽ ഓഫീസിൽ നിന്നും ഹെഡ് ഓഫീസിലേക്ക് അയച്ച റിപ്പോർട്ട്.
3. ExM3-27.08.2024 തീയ്യതി ഹെഡ് ഓഫീസിൽ നിന്നും അയച്ച ഇമെയിലിന്റെ പ്രിന്റ്.
4. ExM4-03.12.2024 തീയ്യതി തലശ്ശേരി ബ്രാഞ്ചിൽ നിന്നുള്ള റിപ്പോർട്ട്
5. ExM5- 5.12.2024 തീയ്യതി ...റീജിയണൽ ഓഫീസിൽ നിന്നും ഹെഡ് ഓഫീസിലേക്ക് അയച്ച റിപ്പോർട്ട്.
6. ExM6-1.01.2024 മുതൽ 31.12.2024 തീയ്യതി വരെയുള്ള തലശ്ശേരി ബ്രാഞ്ചിന്റെ അറ്റൻറൻസ് രജിസ്റ്ററിന്റെ സാക്ഷീകരിച്ച പകർപ്പ്.
7. ExM7-23.05.2025 തീയ്യതി കുറ്റാരോപിതന് അയച്ച കാരണം കാണിക്കൽ നോട്ടീസിന്റെ കോപ്പി
8. ExM8-12.06.2025 തീയ്യതി മടങ്ങിയ നോട്ടീസ് (കോപ്പി)

9. ExM9-21.08.2025 കുറ്റാരോപിതന് നൽകിയ കുറ്റപത്രവും അനുബന്ധവും.
10. ExM10-03.09.2025 കുറ്റാരോപിതന് അയച്ച നോട്ടീസ് മടങ്ങി വന്നത് (കോപ്പി)
11. ExM11-16.10.2025 തീയ്യതിയിലെ ദേശാഭിമാനി പത്രം.
12. ExM12-30.1.2026 തീയ്യതി വെച്ച് മാനേജ്മെന്റ് കമ്മറ്റിയുടെ മീറ്റിംഗിന്റെ മിനുട്സ് ബുക്കിന്റെ 14 ാം നമ്പർ റസലൂഷന്റെ പകർപ്പ്.
13. ExM13-ഗാർഹിക അന്വേഷണം നടത്താൻ തീരുമാനിച്ചതിന്റെയും, അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചതിന്റെയും തീരുമാനം കുറ്റാരോപിതനെ അറിയിച്ച നോട്ടീസിന്റെ കോപ്പി

<u>കുറ്റാരോപിതൻ ഹാജരാക്കിയ രേഖകൾ</u>

Nil

<u>ANNEXTURE</u>

1. ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥനായി എന്നെ നിയമിച്ചു കൊണ്ട് 7.02.2026 തീയ്യതി മാനേജ്മെന്റ് നൽകിയ ഉത്തരവ്.
2. ഗാർഹിക അന്വേഷണം അറിയിച്ച് കൊണ്ട് 13.02.2026 തീയ്യതി, മാനേജിമെന്റിനും, കുറ്റാരോപിതനും അയച്ച നോട്ടീസിന്റെ കോപ്പി
3. പോസ്റ്റൽ രശീതി, കൈപ്പറ്റ് രശീതി. മടങ്ങിയ നോട്ടീസ്
4. ഗാർഹിക അന്വേഷണം സംബന്ധിച്ച് കുറ്റാരോപിതന് വീണ്ടും അയച്ച നോട്ടീസിന്റെ കോപ്പിയും, രശീതിയും മടങ്ങിയ നോട്ടീസും.
5. മാനേജ്മെന്റ് ഭാഗം സാക്ഷിപട്ടികയും, രേഖാ ലിസ്റ്റും, സാക്ഷി മൊഴികളും
6. അന്വേഷണത്തിന്റെ പ്രൊസീഡിങ്ങ്സ് ഷീറ്റ്.

13.3.2026
Kannur

അഡ്വ:പ്രമോദ്.കെ

ഗാർഹിക അന്വേഷണ ഉദ്യോഗസ്ഥൻ